ഉത്തരം

(എ) ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ ഭക്ഷ്യ എണ്ണയുടെ സാമ്പിളുകൾ പരിശോധിച്ചതിൽ അത്തരത്തിലുള്ള റിപ്പോർട്ട് ലഭിച്ചിട്ടില്ല.

(ബി) അത്തരത്തിൽ മായം ചേർക്കുകയോ നിശ്ചിത നിലവാരം ഇല്ലാത്തതോ ആയ ഭക്ഷ്യഎണ്ണകൾ കണ്ടെത്തുന്നപക്ഷം ഉത്തരവാദികൾക്കെതിരെ 2006-ലെ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമ പ്രകാരവും അനുബന്ധ ചട്ടങ്ങളും പ്രകാരം കർശന നടപടി സ്വീകരിക്കുന്നതാണ്. ഇത്തരത്തിൽ പരിശോധനയിൽ നിശ്ചിത നിലവാര മില്ലായെന്ന് കണ്ടെത്തിയ 14 ബ്രാൻഡ് വെളിച്ചെണ്ണ സംസ്ഥാനത്ത് ഇതിനകം നിരോധിച്ചിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ടി ഉത്പാദകരെ ഏതെങ്കിലും തരത്തിലുള്ള ഭക്ഷ്യ എണ്ണകൾ ഉത്പാദിപ്പിക്കുന്നതിൽനിന്നും ഇതിനകം നിരോധിച്ചിട്ടുണ്ട്.

ജില്ലാ കാൻസർ കെയർ പദ്ധതി താലൂക്കുകളിലേയ്ക്ക്

35 (3466) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജില്ലാ കാൻസർ കെയർ പദ്ധതി താലൂക്ക്/ജനറൽ ആശുപത്രികളിലേക്കു കൂടി വ്യാപിപ്പിക്കുവാനുള്ള നടപടി സ്വീകരിക്കുമോ ;

(ബി) കാൻസർ രോഗികൾക്കായി ഒരു ഇടർ ചികിത്സ സഹായ പദ്ധതി നടപ്പാക്കുമോ ?

ഉത്തരം

(എ&ബി) എല്ലാ ജില്ലകളിലേയ്ക്കും ക്യാൻസർ ചികിത്സ വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി ജില്ലാ കാൻസർ കെയർ സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. ആരോഗ്യവകുപ്പ് നടപ്പിലാക്കിവരുന്ന ജില്ലാ കാൻസർ സെന്ററുകളിൽ പ്രധാനമായും ഫോളോ അപ് കീമോതെറാപ്പി (ഇടർ ചികിത്സ) ആണ് നൽകിവരുന്നത്. ആർ.സി.സി.യിലും മറ്റ് അർബുദ ചികിത്സാ കേന്ദ്രങ്ങളിലും ചികിത്സ ആരംഭിച്ച രോഗികൾക്ക് ജില്ലാ കാൻസർ കെയർ-സെന്ററുകളിൽ ഇടർചികിത്സയാണ് നൽകിവരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly